# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 652   27-04-2017 ൽ മറുപടിക്ക്

**പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിന് ആസൂത്രണം ചെയ്യുന്ന പദ്ധതികൾ**

| | ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ<br>,, വി.പി.സജീന്ദ്രൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എൽദോസ് കുന്നപ്പിള്ളി | | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി. |
|---|---|---|---|
| (എ)<br><br><br><br><br><br>(ബി) | ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ആസൂത്രണം ചെയ്യുന്നതെന്ന വ്യക്തമാക്കുമോ;<br><br>ഏതൊക്കെ പദ്ധതികളാണ് ഇവരുടെ ഉന്നമനത്തിനായി നടപ്പാക്കിയിട്ടുള്ളത്; | (എ)<br>യും<br>(ബി)<br>യും | മൊത്തം പദ്ധതി അടങ്കലിന്റെ 9.81 % വരുന്ന തുകയാണ് പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി വകയിരിത്തിയിട്ടുള്ളത്.<br>പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനാണ് കൂടുതൽ തുകയും വകയിരിത്തിയിട്ടുള്ളത്. പാർപ്പിടം കഴിഞ്ഞാൽ ഏറ്റവും മുന്തിയ പരിഗണന വിദ്യാഭ്യാസത്തിനാണ്. ഇതിനായി പഠന മുറി എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുന്നതാണ്. പട്ടികജാതി പെൺകുട്ടികൾക്ക് ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തിയുള്ള സാമൂഹിക സുരക്ഷാ പദ്ധതി വാത്സല്യനിധി എന്നപേരിൽ ആരംഭിക്കുന്നുണ്ട്. കൂടാതെ മൂന്നു കോർപ്പറേഷനുകളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പണിയുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. സങ്കേതങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ട് അംബേദ്കർ ഗ്രമവികസന പരിപാടി നടപ്പിലാക്കുന്നുണ്ട്. നടപ്പു പദ്ധതികളുടെ കവറേജ് വർദ്ധിപ്പിക്കുവാനും മോണിറ്ററിംഗ് ശക്തമാക്കുവാനും നടപടി കൈക്കൊണ്ടിട്ടുണ്ട്. സ്പിൽ ഓവർ വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള ഒരു പ്രത്യേക പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി<br>വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ പട്ടികകൾ അനുബന്ധം I ഉം 2 ഉം ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | ഇവർക്ക് സ്വന്തമായി ഭൂമിയും വീടും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | (സി) | പട്ടികജാതി വിഭാഗക്കാർക്ക് ഭൂമിയും, വീടും ഉറപ്പാക്കുന്നതിന് താഴെപറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.<br>1). <u>ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി</u><br>പാവപ്പെട്ടവരും അർഹതയുള്ളവരുമായ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിനായി ഭൂമി വാങ്ങാനുള്ള സഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4.50 ലക്ഷം രൂപയും, കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.<br><br><u>ഭവന രഹിതർക്ക് ഭവനം</u><br><br>ഗ്രാമ പ്രദേശത്ത് സ്വന്തമായി 2 സെന്റും, നഗര പ്രദേശത്ത് 1 ½ സെന്റ് ഭൂമിയെങ്കിലും സ്വന്തമായുള്ള ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതിക്കാരായ ഭവന രഹിതർക്ക് വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്. |
| (ഡി) | പട്ടികജാതി സങ്കേതങ്ങളിൽ എല്ലാ വിധത്തിലുമുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (ഡി) | നാൽപ്പതോ അതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന വികസനങ്ങളിൽ പിന്നാക്കം നിൽക്കുന്നതുമായ സങ്കേതങ്ങളെ ഒരു നിയോജക മണ്ഡലത്തിൽ 2 എണ്ണം തെരഞ്ഞെടുത്ത് അംബേദ്കർ ഗ്രാമ വികസന പരിപാടി എന്ന പേരിൽ കോളനി വികസന പരിപാടി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>മൊത്തം 280 സങ്കേതങ്ങളിൽ ടി പദ്ധതി നടപ്പാക്കാമെങ്കിലും ബഹു. എം.എൽ.എ-മാർ തെരഞ്ഞെടുത്തു നൽകിയതിൽ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം 195 ഉം FIT ഒന്നും (മൊത്തം 196) കോളനികളുടെ വർക്ക് ചെയ്യുന്നതിനായി വകുപ്പുമായി MoU വയ്ക്കുകയും ആദ്യഘട്ടമെന്ന നിലയ്ക്ക് ഓരോ |

| | | | |
|---|---|---|---|
| | | | കോളനികളുടേയും പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തുകയായ ഒരു കോടി രൂപയുള്ള ഭരണാനുമതിയും ഒന്നാം ഗഡുവായി 50% തുകയായ 50 ലക്ഷം രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി വരുന്ന 84 കോളനികളുടെ ലിസ്റ്റ് നിർവ്വഹണ ഏജൻസി ഏറ്റെടുത്ത് MoU വയ്ക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി ആസൂത്രണം ചെയ്ത പദ്ധതികൾ

1. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനുള്ള ഭൂമി
2. ഭവനരഹിതർക്ക് ഭവനം
3. പട്ടികജാതി വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ
4. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്

5) മരാമത്തും, കെട്ടിടവും

6) പട്ടികജാതി വികസന വകുപ്പിന്റെനവീകരണവും, ഇ-ഗവേണൻസ് സംരംഭങ്ങളും

7) പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി

8) പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം

9) പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

10) വെള്ളായണിയിലുള്ള അയ്യൻകാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃക റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്

11) പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം

12) തൊഴിലിനും പരിശീലനത്തിനും മാനവ വിഭവ ശേഷി വികസനത്തിനുമുള്ള സഹായം

13) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് - എസ്.സി.പി (51% സംസ്ഥാന വിഹിതം)

14) ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം)

15) പൗരവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)

16) തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാ ക്കുന്ന പരിപാടികൾ, പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി. എസ്.സി.പി

a) പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് കളിക്കോപ്പുകളും, പഠന സാമഗ്രഹികളും വാങ്ങുന്നതിനും, അധ്യാപകർക്ക് honorarium നൽകുന്നതിനുമുള്ള പദ്ധതി.

b) ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നതിനുള്ള പദ്ധതി

c) പ്രീമെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി

17) പ്രത്യേക ഘടകപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം

താഴെ പറയുന്ന 100%, 50% കേന്ദ്ര ധനസഹായത്തോടെയുള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു.

18) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

19) പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

20) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി)

21) വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പുകൾ

22) 9 ഉം 10 ഉം ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രവിഹിതം)

23) പ്രധാനമന്ത്രി ആവാസ് യോജ്ന പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)

24) എൻ.ആർ.എൽ.എം

(ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (60% കേന്ദ്രവിഹിതം)

25) പഠനമുറി

26) വാത്സല്യനിധി

27) വർക്കിംഗ് വുമൺസ് ഹോസ്റ്റൽ

28. അംബേദ്കർ ഗ്രാമ വികസന പദ്ധതി

സെക്ഷൻ ഓഫീസർ